# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1386. 22..3..2013-ൽ മറുപടിക്ക്

## തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ. | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഏതെല്ലാം ക്ഷീര സഹകരണ സംഘങ്ങളാണ് തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്നതെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br><br>(ബി) ഇത്തരത്തിൽ സംഭരിക്കുന്ന പാൽ മിൽമയ്ക്ക് നല്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംഭരിക്കുന്ന പാലിനുള്ള വില വ്യാജ ക്ഷീരകർഷകരുടെ പേരിൽ നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & (ബി) പാലക്കാട് ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങൾ തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളത്. കൂടാതെ മിൽമയുടെ എറണാകുളം, ഇടുക്കി ജില്ലയിലെ അന്യാർതൊളു, മുരിക്കടി, പടിഞ്ഞാറെ ചക്കുപള്ളം, കമ്പംമേട്ട് എന്നീ ക്ഷീര സംഘങ്ങളും മലബാർ മേഖലയിലെ ചില ക്ഷീരസംഘങ്ങളും തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിച്ച് മിൽമയ്ക്ക് നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത സംഘ ങ്ങൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ സംഘങ്ങൾ ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും പാൽ സംഭരിക്കുന്നില്ല. പാൽ വ്യാജ ക്ഷീര കർഷകരുടെ പേരിൽ നല്കുന്നുണ്ടോയെന്ന് അന്വേഷണം നടത്തി വരുന്നു. |
| (സി) കുറഞ്ഞ വിലയ്ക്ക് പാൽ സംഭരിച്ച് കൂടിയ വിലയ്ക്ക് മിൽമയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ? | (സി) ഇതു സംബന്ധിച്ച് വിശദ പരിശോധനയ്ക്ക് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ ക്ഷീരസംഘങ്ങൾ പരിശോധിക്കുകയും ആ സംഘങ്ങളിൽ 20 ലിറ്ററിൽ കൂടുതൽ പാൽ അളക്കുന്ന ക്ഷീരകർഷകരുടെ വീടുകളിൽ പോയി പശുക്കളുടെ എണ്ണം മനസ്സിലാക്കുന്നതിനും സംഘാംഗങ്ങളുടെ പേരിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരം കർശനമായി പരിശോധിക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ